(സി) ഡിപ്പാർട്ട്മെണ്ടിൽനിന്നും അതു് ഹൈസ്കൂളാക്കുന്നതു നല്ലതാണെന്നു കാണിച്ചു വല്ല നോട്ടു് കിട്ടിയിട്ടുണ്ടോ;

(ഡി) അതു് അടുത്ത കൊല്ലം മുതൽക്കുതന്നെ ഒരു ഹൈസ്കൂളാക്കി ഉയർത്തുവാൻ ഗവ മെണ്ടെന്നു തീരുമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉവ്വു്.

(ബി) ഉവ്വു്.

(സി) ഉവ്വു്.

(ഡി) ബഡ്ജറ്റിൽ വക കൊള്ളിക്കുന്നുണ്ടു്.

ചൌധരി ജി. എസ്സു്. ധാരാസിംഗു് : അതിനു ബഡ്ജറ്റിൽ എത്ര സംഖ്യ വക കൊള്ളിച്ചിട്ടുണ്ടു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ബഡ്ജറ്റു് എടുത്തു നോക്കിയാൽ കാണാം.

AYURVEDIC HOSPITAL, ERNAKULAM—PARTICULARS REGARDING

83. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ൧൯൫൰ ചിങ്ങംമുതൽ മേടം അവസാനംവരെ എറണാകുളം ആയുർവ്വേദ ആശുപത്രിയിൽനിന്നും മരുന്നുവാങ്ങി പോയിട്ടുള്ള ഔട്ടുപേഷ്യൻറസു് എത്ര;

(ബി) അതേകാലത്തു അവിടെ കിടത്തി ചികിത്സിച്ചിട്ടുള്ള ആളുകൾ (In-patients) എത്ര;

(സി) ഇതേകാലത്തുതന്നെ തൃശ്ശിവപേരൂർ ആയുർവ്വേദ ആശുപത്രിയിൽനിന്നും ചികിത്സകഴിച്ചു പോയിട്ടുള്ള ഔട്ടുപേഷ്യൻറസു് എത്ര; ഇൻപേഷ്യൻറസു് എത്ര?

റാവു ബഹദൂർ ടി. കെ. നായർ :

(എ) ൭൩, ൩൩൭.

(ബി) ൪ ൦൨.

(സി) ഔട്ടുപേഷ്യൻറസു് ൩൨, ൩൨൭-
ഇൻപേഷ്യൻറസു് ൩ ൪൨.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : തൃശ്ശിവപേരൂർ ആശുപത്രിയിൽ ഇന്നു കൊടുക്കുന്ന മരുന്നിനേക്കാൾ എത്ര മരുന്നു കൂടുതൽ എറണാകുളം ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ടു്?

റാവു ബഹദൂർ ടി. കെ. നായർ : കൃത്യമായി പറയാൻ നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : തൃശ്ശിവപേരൂർ ആയുർവ്വേദാസ്പത്രിയിലേക്കാൾ ഒരിരട്ടിയിൽ കൂടുതൽ രോഗികളെ എറണാകുളത്തുള്ള ആയുർവ്വേദാസ്പത്രിയിൽ ചികിത്സിച്ചുവരുന്നതായി കണക്കുകൊണ്ടു കാണുന്നതുകൊണ്ടു് തൃശ്ശിവപേരൂർ ആസ്പത്രിയിലേക്കു നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ ഒരിരട്ടി മരുന്നു എറണാകുളം ആയുർവ്വേദാസ്പത്രിയിലേക്കു കൊടുക്കുന്നുണ്ടെന്നാണൊ വിചാരിക്കേണ്ടതു് ?

റാവു ബഹദൂർ ടി. കെ. നായർ : ഉണ്ടായിരിക്കാമെന്നാണു് തോന്നുന്നതു്.

LEASING OF PORAMBOKE LAND TO THE DEPRESSED CLASSES—DETAILS REGARDING

84. മിസ്റ്റർ കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

ഭക്ഷ്യോല്പാദനത്തിനുവേണ്ടി അധഃകൃതർക്കു ഫുഡു് പ്രൊഡക്ഷൻ സ്കീംപ്രകാരം പാട്ടത്തിനു കൊടുത്തിട്ടുള്ള പുറംപോക്കു ഭൂമികൾ അവർക്കുതന്നെ പതിച്ചു കൊടുക്കുവാൻ ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

ആവക സ്ഥലങ്ങൾ അവർക്കുതന്നെ സ്ഥിരപാട്ടത്തിനു് അനുവദിച്ചു കൊടുക്കുവാൻ ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ : എത്ര ഏക്കർ സ്ഥലമാണു് ഇങ്ങിനെ അവർക്കു കൊടുത്തിട്ടുള്ളതു് ?

റാവു സാഹിബു് കെ. അയ്യപ്പൻ : ൧൯൦-ൽ ചിലപ്പോൾ ഏക്കർ വരുമെന്നു തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ: അതു് പതിച്ചുകൊടുക്കാത്തതു് എന്താണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പതിച്ചുകൊടുത്തു കഴിഞ്ഞാൽ അതിനെ സംബന്ധിച്ചുള്ള ഗവണ്മെണ്ടിന്റെ സകല നടപടികളും അവസാനിച്ചു ഗവണ്മെണ്ടിന്റെ അവകാശം അതോടുകൂടി തീരെ നശിച്ചുപോകും. നേരെമറിച്ചു പാട്ടത്തിനു് കൊടുക്കുന്നതായാൽ ഉടമസ്ഥാവകാശം നശിച്ചുപോകുന്നില്ല. ചില നിബന്ധനകളും അനുസരിച്ചാണു് പാട്ടത്തിനു കൊടുക്കുന്നതു്. ആ നിബന്ധന തെറ്റിച്ചാൽ ഗവണ്മെണ്ടിനു് അതു മടക്കി മേടിക്കാൻ സാധിക്കും. ഇതിനുമുമ്പു് അധഃകൃത സമുദായത്തിൽ പെട്ട ചില അംഗങ്ങൾക്കു പതിച്ചു കൊടുത്തു എതാനും വസ്സുക്കൾ കഴിഞ്ഞപ്പോൾ അതു് പണക്കാരായ ചില ആളുകളുടെ കൈവശമായിത്തീർന്നു. ഈ കാരണങ്ങൾകൊണ്ടാണു് പതിച്ചു കൊടുക്കാനുദ്ദേശിക്കാത്തതു്.

മിസ്റ്റർ പി. കുമാരനെഴുത്തൻ: വസ്സുക്കൾ പാട്ടത്തിനു് കൊടുക്കുമ്പോൾ അധഃകൃതർക്കു ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങൾ, അധഃകൃതരല്ലാത്തവർക്കും ചെയ്തുകൊടുക്കാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആ കാര്യം തീരുമാനിച്ചിട്ടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അവർക്കു് പതിച്ചുകൊടുത്തിട്ടുള്ള സ്ഥലങ്ങൾ മറ്റുള്ളവരുടെ കൈവശം ആയിട്ടുള്ളതിനെ സംബന്ധിച്ചു വല്ല കണക്കും വച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കണക്കു വച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിനു വല്ല ആക്ഷൻ എടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആക്ഷൻ എടുക്കാനൊന്നുമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതരുടെ കോളനിക്കു കൊടുത്ത സ്ഥലങ്ങൾ മറ്റുള്ളവരുടെ കൈവശം പോയാൽ അതിനെ സംബന്ധിച്ചു് ആക്ഷൻ എടുക്കേണ്ടതല്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കോളനികൾ ഇരിക്കുന്ന സ്ഥലം ഗവണ്മെണ്ടിന്റെ കയ്യിലാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അതു് പതിച്ചു കൊടുത്തിട്ടുള്ളതല്ലേ?

റാവു സാഹിബു് കെ. അയ്യപ്പൻ: ചില കോളനികൾ ഇരിക്കുന്ന സ്ഥലം ഗവണ്മെണ്ടിന്റെ കൈവശമാണു്. ചിലതു് പതിച്ചു കൊടുത്തിട്ടുമുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ചില കോളനിക്കാരോടു നികുതി വസൂൽ ചെയ്യുന്നുണ്ടു്. ചിലരോടു വസൂലാക്കുന്നില്ല. അതുകൊണ്ടാണു് ഞാനിതു ചോദിച്ചതു്. ഈവക സ്ഥലങ്ങൾ മറ്റുള്ളവർ കൈവശം വച്ചാൽ അതു് ഇല്ലീഗൽ അല്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പതിച്ചുകൊടുത്തു കഴിഞ്ഞാൽ പിന്നെ ഗവണ്മെണ്ടിനു് അതിനെപ്പറ്റി ചോദ്യം ചെയ്യാൻ നിവർത്തിയില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഭക്ഷ്യോല്പാദനപദ്ധതി അനുസരിച്ചു ഈ ഭൂമി പാട്ടത്തിനു് കൊടുത്ത ശേഷം വല്ല പ്രയത്നവും അതിൽ ചെയ്യുവരാറുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഭക്ഷ്യോല്പാദന പദ്ധതിയനുസരിച്ചു പാട്ടത്തിനു കൊടുത്ത ഭൂമിയാണെങ്കിൽ അതനുസരിച്ചു് പ്രവർത്തിച്ചിട്ടുമുണ്ടാകും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ക്ഷേണക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് ഈവക സ്ഥലങ്ങളിൽ കൃഷി ചെയ്തിട്ടുണ്ടെങ്കിൽ നമ്മുടെ റേഷൻ കുറച്ചുകൂടി കൂട്ടുവാൻ സാധിക്കുമായിരുന്നില്ലേ?

റാവു സാഹിബു് എ. മാധവപ്രഭു: കൃഷി ചെയ്തിട്ടുണ്ടു്.

മിസ്റ്റർ ജോസ്സു് കെ. വർഗ്ഗീസ്സ്: ഭക്ഷ്യോല്പാദന പദ്ധതിയനുസരിച്ചു് ആക്കൊക്കെ ഭൂമി പാട്ടത്തിനു് കൊടുത്തിട്ടുണ്ടോ അവക്കൊക്കെ ഈ ആവശ്യം കഴിഞ്ഞാലും ആ ഭൂമി കൈവശി വച്ചുകൊണ്ടിരിക്കാമോ?

റാവു സാഹിബു് എ. മാധവപ്രഭു: ഫുഡ് പ്രൊഡക്ഷൻ സ്കീം ഫ്രം കന്നിമാസം തയ്യാണു് ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നതു്. അതു് കഴിഞ്ഞാൽ ആ സ്ഥലങ്ങൾ എസ്സ്റ്റേറ്റ് സപ്ലിസ്സുമെന്നിനു് കൊടുക്കണമെന്നാണു് ഉദ്ദേശം. അതിനു് നടപടികൾ എടുത്തു തുടങ്ങിട്ടുണ്ടു്. എന്നാലും ഭൂമി കൈവശം ഇരിക്കുന്നവർക്കു് കൃഷി ചെയ്യാൻ വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly